


ക. നി. മൂ. സ. പെ. ബ.

ഗീവർഗീസ് മറിയം അച്ചൻ

(കല്ലുക്കാരൻ വാമണ്ണി അച്ചൻ)

1845–1902.

NORKS
700
ALORE
29
M COLLEGE


പെ. ബ.

ഗീവർഗ്ഗീസ് മറിയം അച്ചൻ

ടി. ഒ. സി. ഡി.

(കല്ലുക്കാരൻ വാറുണ്ണി അച്ചൻ)

1845—1902



"കർത്താവേ!

നിത്യശ്വാസം ഇയാൾക്കു കൊടുക്കണമെ.

നിത്യപ്രകാശം ഇയാളുടെമേൽ പ്രകാശിക്കട്ടെ."

സ്വർഗ്ഗത്തിലേയ്ക്കുള്ള ടിക്കറ്റ്

വണ്ടികൾ എപ്പോഴും പോകയും വരികയും ചെയ്യും.

1–ാം ക്ലാസ്സ്:– ദാരിദ്ര്യം, ബ്രഹ്മചര്യം, അജ്ഞാനുസരണം (സന്ന്യാസത്തിൽ)

2–ാം ക്ലാസ്സ്:– ഭക്തി, ഉപവി, സ്വപരിത്യാഗം (അത്മേയ ജീവിതത്തിൽ)

3–ാം ക്ലാസ്സ്:– അനുതാപം.

ടിക്കറ്റിന്റെ വിലനിരക്ക്

1–ാം ക്ലാസ്സ്:– സ്നേഹവും കുരിശും.

2–ാം ക്ലാസ്സ്:– ആഗ്രഹവും സമരവും.

3–ാം ക്ലാസ്സ്:– കണ്ണുനീരും തപ്പിച്ചയ്യലും.

നിർദ്ദേശങ്ങൾ.

1) ക്ലേശങ്ങൾ എല്ലാവർക്കും സൌജന്യമാണ്.

2) വൈവിധ്യമാണങ്ങളും സഭയുടെ കല്പനകളും കാക്കാൻ ബാദ്ധ്യസ്ഥരായ യാത്രക്കാരെല്ലാവരും.

3) മടക്കടിക്കറ്റോ, റിട്ടേൺ യാത്രടിക്കറ്റോ ഇല്ല

4) വിവേചനാബോധം വന്നിട്ടില്ലാത്തവർക്ക് ടിക്കറ്റാവശ്യമില്ല. അവർ സഭാമാതാവിന്റെ മടിയിലിരുന്നാൽ മതി.

5) പുണ്യകൃത്യങ്ങളൊഴികെ മറ്റു യാതൊരു സാമാനവും യാത്രക്കാർ കൊണ്ടുവരരുത്. വണ്ടികിട്ടാതെ വരുന്നതിനും, സാമാനങ്ങൾ പരിശോധിച്ചു കാരോ സ്നേഷ്യനിലും താമസംവരുന്നതിനും മറ്റും ഇടയാകും.

6) വണ്ടിയിൽ കയറുന്നതിന് പ്രത്യേക സ്ഥലമോ സമയമോ ഇല്ല.

7) തങ്ങൾ ഏതു ക്ലാസ്സിലാണ് യാത്രചെയ്യുന്നതെന്ന് ശ്രദ്ധിക്കണം. അല്ലാത്തപക്ഷം തങ്ങളുടെ ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും മുതലായവ നിവ്വഹിക്കുന്നതിനും സാധിക്കാതെ വരും.

DHARMARAM COLLEGE LIBRARY
Ac. No. 80827
Call No. K100/C624

പെ. ബ.
ഗീവർഗ്ഗീസ് മറിയം അച്ചൻ

(കല്ലുക്കാരൻ വാറുണ്ണി അച്ചൻ)

1845—1902

1902 മാർച്ചുമാസം 12-ാം തീയതി ഒരു തികഞ്ഞ മരിയാഭക്തൻ കർത്താവിൽ നിദ്രപ്രാപിച്ചു. ഇതു് വാറുണ്ണി അച്ചനെന്നും സാധാരണ വിളിച്ചുവന്നിരുന്ന പെ. ബ. ഗീവർഗ്ഗീസ് മറിയം അച്ചനല്ലാതെ മറ്റാരുമായിരുന്നില്ല. 57 വയസ്സു നടക്കുകയിലാണു് ഇദ്ദേഹം ചരമഗതി അടഞ്ഞതു്. അന്നു് ഇദ്ദേഹം ഒന്നാം തരത്തിലോ രണ്ടാം തരത്തിലോ ആയിരുന്നുവെന്നു മാത്രമല്ല പെ. ബ. ഗലഗാദ് തയ്യിൽ യൌസേപ്പു് അച്ചന്റെ നിയ്യോണം നിമിത്തം ആ സ്ഥാനത്തേക്കു് ഉയർത്തപ്പെട്ടവനുമായിരുന്നു. എന്നാൽ ഗലഗാദ് ഉദ്യോഗം ഭാരമേറ്റു നടത്തുവാൻ ഇടവരുന്നതിനുമുമ്പു് ഇദ്ദേഹം ഭൌതികജീവിതത്തോടു യാത്രചൊല്ലി പിരികയാണുണ്ടായതു്. ഇദ്ദേഹത്തിന്റെ ഏറ്റവും വലിയ അദ്ധ്വാനരംഗമായിത്തീർന്ന പാവർട്ടിയിൽ വച്ചായിരുന്നു ഈ പുണ്യപുരുഷന്റെ നിയ്യോണം.

നിരവധി വൈദികവരേണ്യരേയും ഭക്തിതീഷ്ണത നിറഞ്ഞ കന്യാസ്ത്രീകളേയും സഭക്കു പ്രദാനം ചെയ്യത്തക്ക കുടുംബങ്ങളാൽ ഒല്ലൂർ ഇടവക അനുഗ്രഹിതയായതു് ഇന്നോ ഇന്നലയൊ അല്ല. ദീർഘകാലമായി ആദ്ധ്യാത്മികചൈതന്യവിശേഷം അവിടെ പല കുടുംബങ്ങളിലും കണ്ടുവരാറുണ്ടു്. ഇതു് ഒരു യഥാർത്ഥ്യം

മാത്രമാണു്. ഏതാണ്ടു് ഒരു നൂറ്റാണ്ടു് മുമ്പു് പുരാതനവും പ്രസിദ്ധവുമായ ഒരു കുടുംബം തേറാട്ടിൽ കല്ലുക്കാരൻ എന്ന അഭിധാനത്തിൽ അവിടെ പരിലസിച്ചിരുന്നു. ഈ കുടുംബത്തരുവിന്മേൽ അന്തോനി കഞ്ഞേലി എന്ന ദമ്പതിമാരുടെ അരുമസന്താനമായിട്ടാണു് ഗീവർഗ്ഗീസെന്ന ഈ സുകൃതപുഷ്പം മൊട്ടിട്ടു് വികസിച്ചതു്. ഇദ്ദേഹത്തിന്റെ ജനനം 1845 നവംബർ മാസം 13-ാം തീയതിയായിരുന്നു. നമ്മുടെ കഥാപുരുഷന്റെ കുടുംബത്തെക്കുറിച്ചു് രണ്ടുവാക്കു് ഇവിടെ ചേർക്കുന്നതു് അസ്ഥാനത്തായിരിക്കയില്ലെന്നു് വിശ്വസിക്കുന്നു.

ഒല്ലൂർ തേറാട്ടിൽ കല്ലുക്കാരൻ കുടുംബത്തരു കല്ലുരെന്ന രാജ്യത്തു് മൂളയെടുത്തതാണെന്നാണു് കരുതിപ്പോരുന്നതു്. ഒന്നു് രണ്ടു് നൂറ്റാണ്ടുകൾക്കുമുമ്പു് ഈ കുടുംബക്കാർ ചെറുശ്ശേരി എന്ന സ്ഥലത്തുവന്നു് താമസമാക്കി. അവിടെനിന്നു് പൌലോസു് എന്ന ഒരാൾ തന്റെ മാതാപിതാക്കന്മാരോടുകൂടെ ഒല്ലൂക്കുവന്നു. ഈ പലായനത്തിന്റെ കാരണമൊ, അതിന്റെ കാലമൊ ഖണ്ഡിതമായി പറവാൻ നിവൃത്തിയില്ല. ചെറുശ്ശേരിയിൽവച്ചു് ഒരു നിധി കിട്ടിയെന്നും, അതുംകൊണ്ടാണു് ഒല്ലൂക്കു വന്നതെന്നും ഉള്ള ഐതീഹ്യത്തിനു് എത്രമാത്രം പ്രാധാന്യമുണ്ടെന്നു് അറിഞ്ഞുകൂടാ. 1828-ൽ കല്ലുക്കാരൻ കുടുംബക്കാർ ഒല്ലൂർ ഉണ്ടായിരുന്നുവെന്നും, അക്കാലംമുതൽ അവർ നല്ല സ്ഥിതിയിലായിരുന്നുവെന്നും ഉള്ളതിനു് സംശയമില്ല.

ചെറുശ്ശേരിയിൽനിന്നു് ഒല്ലൂക്കു കുടിയേറിപാർത്ത പൌലോസിന്റെ മൂത്ത മകൻ അന്തോനി ആയിരുന്നു. അന്തോനിയുടെ മക്കളിൽ നാലമത്തേവനാണു് നമ്മുടെ കഥാപുരുഷൻ, വാറുണ്ണി അച്ചൻ. പ്രസ്തുത അന്തോനിയുടെ മൂത്ത മകൻ പൊറിഞ്ചു എന്ന ആളാണു്. ഇദ്ദേഹത്തിന്റെ മകളുടെ മകനാണു ഭാഗ്യസ്മരണാർഹ

നായ അഭിവന്ദ്യ ഫ്രാൻസീസു് വാഴപ്പിള്ളി മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു്. കമ്മെലീത്താസഭയിലെ ഒരു ഉജ്ജ്വലതാരമായി ശോഭിച്ചു് പൊലിഞ്ഞ ബ. പൌലോസച്ചനും, ബ. വാവണ്ണി അച്ചനും ജേഷ്ഠാനുജ സന്താനങ്ങളത്രെ. വാവണ്ണി അച്ചന്റെ ഇളയപ്പന്റെ മകന്റെ മകളാണു്, കമ്മെലീത്താ കന്യാസ്ത്രീകളുടെ ഇപ്പഴത്തെ മദർജനറാളായ ബ. മദർ ഇഗ്നേഷിയസ്സു്.

കല്ലുക്കാരൻ കുടുംബത്തിൽ വിശ്രുതയായിത്തീർന്ന മറിയാമ്മയെ ഇപ്പഴത്തെ മെത്രാനച്ചൻ തിരുമനസ്സിലെ കുടുംബത്തിൽനിന്നാണു് കല്ലുക്കാരൻ കുടുംബത്തിലേക്കു വിവാഹം കഴിച്ചു്കൊണ്ടുവന്നിട്ടുള്ളതു്. ഇങ്ങനെ ഒല്ലൂർ കല്ലുക്കാരൻ കുടുംബവുമായി ബന്ധപ്പെട്ടരാണു് പരേതനായ ഡോക്ടർ വാഴപ്പിള്ളി തിരുമനസ്സുകൊണ്ടും, ഇപ്പഴത്തെ മെത്രാനച്ചൻ ഡോക്ടർ ആലപ്പാട്ട തിരുമനസ്സുകൊണ്ടും. മലങ്കരസഭയെ പൊതുവേയും വടക്കൻ പ്രദേശങ്ങളെ പ്രത്യേകിച്ചും ആട്ടിളച്ച ശീശ്മകളുടെ കാലത്തു് കല്ലുക്കാരൻ കുടുംബക്കാർ സഭക്കും സമുദായത്തിനും ഗണനീയമായ സേവനം ചെയ്തിട്ടുണ്ടു്. ഈദൃശസേവനങ്ങളെ പരിഗണിച്ചു് പോരം, പി. കല്ലുക്കാരൻ എന്നയാൾക്കു് 1937 മേയ് 20-ാം തീയതി 11-ാം പീയൂസു മാപ്പാപ്പ ഷെവലിയർ സ്ഥാനം നൽകി അനുഗ്രഹിച്ചു എന്നു് പ്രത്യേകം പ്രസ്താവിച്ചുകൊള്ളട്ടെ. കല്ലുക്കാരൻ കുടുംബത്തെക്കുറിച്ചു് ഇത്രയും പ്രസ്താവിച്ചശേഷം നമുക്കു് ചരിത്രം തുടരാം. *

---

* സൂചന:- ഏൽത്തുരുത്തു ആശ്രമത്തിന്റെ ഉപകാരികളിൽ അരനാട്ടുകരെ ചിറമേൽ തരകന്മാർ കഴിഞ്ഞാൽ പ്രഥമ ഗണനീയരായി നില്ക്കുന്നതു ഒല്ലൂരു, തേറാട്ടിൽ കല്ലുക്കാരന്മാരാണു്. ആശ്രമപ്പള്ളിയിലെ അമ്മത്തേസ്സായുടെ കപ്പേളയും പ്രസ്തുത പുണ്യവതിയുടെ രൂപവും ഇവരുടെ ദാനമാണു്. കൂടാതെ ആണ്ടുതോറും വളരെനാളത്തേക്കു് അമ്മത്തേസ്സായുടെ തിരുനാളും അവരുടെ ചിലവിൽ ഘോഷിച്ചുവന്നു

പ്രഭാതത്തിന്റെ പ്രകൃതിയിൽനിന്നു് ദിവസത്തേയോ, ആദ്യ രംഗത്തിൽനിന്നു് നാടകത്തേയോ വിധിക്കുന്നതു് ശരിയല്ല. എങ്കിലും ആദ്യ രംഗംതന്നെ നാടകത്തെ പ്രതിബിംബിക്കുന്നതും, പ്രഭാതം ദിവസത്തിന്റെ പ്രകൃതി പ്രസ്പഷ്ടമാക്കുന്നതും അസാധാരണയല്ലല്ലൊ. ആരംഭത്തിൽ വാശ്ദാനം ചെയ്യാതിരുന്നതു് നിവ്വഹിച്ച പലരേയും നമുക്കറിയാം. മറിയം മഗ്ദലെത്ത, സാവൂൾ, ആഗസ്തീനോസു്, കമ്മീലസു്ലില്ലീ, അന്ത്രയോസുകൊർസീനി മുതലായവർ ഇതിനു് ഉദാഹരണങ്ങളാണു്. എന്നാൽ വി. ലൂയിസിനേയും വി. കൊച്ചുത്രേസ്യായേയുംപോലെ മുളയിൽനിന്നുതന്നെ ദിവ്യ ദിവാകരനിൽ നോട്ടം ഉറപ്പിച്ചു് സുകൃതത്തിൽനിന്നു് സുകൃതത്തിലേക്കു പുരോഗമിച്ചവരും വിരളമല്ല. നമ്മുടെ കഥാപുരുഷൻ ഈ രണ്ടാം ഇനത്തിൽപെട്ടവനായിരുന്നു. ചെറുപ്പത്തിൽതന്നെ ബാലസഹജമല്ലാത്ത പല പല ഗുണവിശേഷങ്ങളും ഇദ്ദേഹത്തിൽ തെളിഞ്ഞുനിന്നു. ഒരുങ്ങി ഇരുന്നു് പ്രാത്ഥിക്കുക, അതിമാത്രം പ്രിയംകരമായിരുന്ന ഈ സുകൃതബാലനു്. സൂര്യകാന്തിപുഷ്പം സൂര്യനിലേക്കു എന്നപോലെ ഈ ബാലപ്രസൂനം ദിവ്യസൂര്യനായ ദൈവത്തിങ്കലേക്കു് ആകഷ്ടിക്കപ്പെട്ടതായി ആരംഭം മുതൽക്കെ പ്രത്യക്ഷപ്പെട്ടു.

ഈ പുണ്യബാലനെ ദൈവപരിപാലന എങ്ങനെയാണു് ലോകാരണ്യത്തിൽനിന്നു് സന്ന്യാസാരാമത്തിലേക്കു പറിച്ചു് നട്ടതെന്നു നോക്കാം. സൃഷ്ടവസ്തുക്കളെ അവ ഓരോന്നിന്റേയും പ്രകൃതിക്കൊത്തവണ്ണം അവയുടെ പരമാന്ത്യത്തിലേക്കു ദൈവം നയിക്കുന്നു. വ്യക്തികളോടു് അവിടന്നു പെരുമാറുന്ന രീതിയും അതിമാത്രം വിഭിന്നമാണു്. ഇടയന്മാരെ പൊന്നമ്മണിയുടെ പക്കലേക്കു വിളിച്ചതും രാജഷ്ടിന്മാരെ അവിടത്തെ തിരുച്ചേവടികളിലേക്കു് ആനയിച്ചതും ഒരേ രീതിയിലല്ലല്ലോ. പത്രോസിനേയും പൌലോസിനേ

യും എതു വ്യത്യസ്ഥമായ വഴിയിൽകൂടെയാണു തന്റെ ശ്രുശ്രൂഷയ്ക്കു് ക്ഷണിച്ചതു്. നമ്മുടെ കഥാനായകനു് കമ്മെലീത്താസഭാ പ്രവേശനത്തിനുള്ള ആഹ്വാനം എങ്ങനെ ലഭിച്ചു? അതിന്റെ സാഹചര്യമെന്തു്? നമ്മുടെ പുണ്യപുരുഷൻ ബാല്യകാലം ഇനിയും തരുണം ചെയ്തിട്ടില്ല. അക്കാലത്തു രണ്ടു് കമ്മെലീത്താ വൈദികർ ധ്യാനപ്രസംഗം പ്രമാണിച്ചു ഒല്ലൂർ പള്ളിയിൽ എത്തിയിരുന്നു. അവരുടെ ഭക്തിതീഷ്ണതയും പ്രവർത്തനരീതിയും ഈ ബാലഹൃദയത്തെ അവരുടെ ജീവിതരീതി അനുകരിക്കുവാൻ ആകഷ്ടിച്ചു. നാഥൻ അരുളിച്ചെയ്ത "എന്നെ അനുഗമിക്കുക." പത്രോസു് എല്ലാം പരിത്യജിച്ചു് അവിടുത്തെ പിന്നാലെ പോയി. അങ്ങനെതന്നെ ഈ ചെറുബാലനും കാലവിളംബത്തിനു് ഇടകൊടുക്കാതെ വീടിനേയും, കാരണവന്മാരേയും, വത്സലസഖികളേയും പരിത്യജിച്ചു് സന്യസ്തജീവിതം ആശ്ലേഷിക്കുന്നതിനു് ഇറങ്ങിതിരിച്ചു. അന്നു് സഭയുടെ നവസന്യാസഗൃഹവും പഠനഗൃഹവും ക്ലനന്മാവു് വി. പ്ളമേനായുടെ ആശ്രമമായിരുന്നു. അവിടെ 1859ൽ ആണു് ഇദ്ദേഹം നവസന്യാസി ആയിചേർന്നതു്.

ആ കാലഘട്ടം പലതുകൊണ്ടും പ്രാധാന്യം അർഹിക്കുന്ന ഒന്നായിരുന്നുവെന്നു് എടുത്തു പറയാതിരിപ്പാൻ തരമില്ല. പരിശുദ്ധാത്മാവിയാൽ പൂരിതരായ ശ്രീഹന്മാർ തുടിക്കുന്ന ഹൃദയത്തോടും ജ്വലിക്കുന്ന നേത്രങ്ങളോടും പ്രത്യക്ഷപ്പെട്ട. ലോകമെങ്ങും ക്രൂശിതനെ പ്രസംഗിക്കുവാൻ, എല്ലാവരേയും അവിടുത്തെ പക്കലേക്കു് ആകഷ്ടിക്കുവാൻ കൃതികൊള്ളുകയായിരുന്നു പ്രസ്തുത പ്രേഷിത വരേണ്യരുടെ പാദപത്മങ്ങളും. അവരുടെ തീഷ്ണതക്കു ലോകം വിസ്താരം കുറഞ്ഞതായി തോന്നി. അന്നു് ആ പ്രേഷിതചൈതന്യപ്രവാഹം ഊട്ടുശാലയിൽനിന്നു്— പരിശുദ്ധാത്മാവിനാകുക

ളുടെ രൂപത്തിൽ ശിഷ്യക്കു പ്രത്യക്ഷമായ ഊട്ടുശാല യുടെ രണ്ടാംനിലയിൽനിന്നു– ലോകത്തിലെങ്ങും പ്ര വഹിച്ചു. വാഴ്ത്തി അച്ചൻ സഭാപ്രവേശനംചെയ്ത കാലവും കേരളസഭയെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേക ഘട്ടമായിരുന്നു. 1859! മാന്നാനം കുന്നി ന്മേൽ കർമ്മലീത്താസഭ ഉൽഘാടനംചെയ്തിട്ട് നാലു വർഷമെ ആയിരുന്നുള്ളു. 1855–ലാണല്ലൊ ചാവറ കുര്യാക്കോസു് ഏലിയാസച്ചൻ വേറെ പത്തുപേ രോടുകൂടി സന്യാസനേച്ചുകൊ കർമ്മലനാഥവഴി ദൈ വത്തിനു് അപ്പിച്ചതും ഏലിയാദീഭർശിയുടെ ഭക്തി ചൈതന്യത്തോടുകൂടെ കേരളത്തിന്റെ വിവിധഭാഗങ്ങ ളിലേക്കു് പുറപ്പെട്ടതും ധ്യാനവും നമസ്കാരവും തപ സ്സുയ്യും വഴിയായി സ്വയം ശുദ്ധീകരിച്ചു്, പാപസ ങ്കീർത്തനം കേട്ടും പ്രസംഗങ്ങളും നടത്തിയും ആത്മര ക്ഷക്കായി യത്നിക്കുവാൻ ദൃഢവ്രതരായിരുന്ന പ്രസ്തുത സന്യാസവരേണ്യർ.

അന്നു് കേരളത്തിലെ ക്രിസ്തീയ സമുദായത്തി ന്റെ നില എന്തായിരുന്നു? കുനൻകുരിശുസത്യം മല ങ്കര നസ്രാണിസമുദായത്തെ രണ്ടായി വെട്ടിക്കീറി. പുത്തൻകൂറുകാർ എന്ന അഭിധാനത്തിൽ ഒരു നല്ലപങ്കു് സുറിയാനികത്തോലിക്കാസഭയ്ക്കു് നഷ്ടപ്പെട്ടു. ശേ ഷിച്ചവരേയും ഒന്നാകെ സഭാംബികയുടെ മടിത്തട ത്തിൽനിന്നു് പറിച്ചെടുക്കുവാൻ പയ്യാപ്പമായ കരുനീ ക്കങ്ങളായിരുന്നുവെല്ലൊ റോക്കോസു്, മേലൂസു് ശീശ്മ കളും. മലങ്കരസഭാന്തരീക്ഷത്തെ പ്രക്ഷുബ്ധമാക്കാനിരു ന്ന താട്ടശ്ശ വിപത്തുകളും ദൈവപരിപാലന മുമ്പുകൂട്ടി ക്കണ്ടു് തക്ക പ്രതിവിധികളും തക്ക അവസരത്തിൽ സ്വീകരിക്കയുണ്ടായി. ഇതു് 1855–ൽ സന്യാസ വ്രതങ്ങൾചെയ്തു് സഭയ്ക്കും സമുദായത്തിനുമായി ഇള വില്ലാതെ അടരാടുവാൻ ബദ്ധകങ്കണരായി പുറപ്പെട്ട പെ. ബ. കുര്യാക്കോസു് ഏലിയാസച്ചനേയും അ

നചരന്മാരേയും അതിനായി നിയോഗിച്ചുവെന്നുള്ള താണു്. ഈ വാസ്തവം മലങ്കരസഭാചരിത്രത്തിലേക്കു് ഒന്നു എത്തിനോക്കുക മാത്രമെങ്കിലും ചെയ്തിട്ടുള്ളവരോടു പറഞ്ഞുകേഠപ്പിക്കേണ്ട ആവശ്യമില്ല. വലിയ ചാണ്ടിയച്ചൻ, പാലാക്കുന്നേൽ ചാക്കോച്ചൻ എന്നിവരുടെ സേവനങ്ങൾക്കു് ദൃക്സാക്ഷികളായവരുടെ സന്താനങ്ങളെ തൃപ്തരും അതിന്റെ പരിസരങ്ങളിലും ഇന്നും നമുക്കു് കാണുവാൻ കഴിയും കമ്മെലീത്താസഭ മലങ്കരക്കു് ചെയ്തിട്ടുള്ള സേവനങ്ങളും എത്ര പ്രാധാന്യം അർഹിക്കുന്നവയാണെന്നു് അറിയണമെങ്കിൽ പ്രസ്തുത ശീശ്മകാലം കേരളകത്തോലിക്കാസഭക്കു വരുത്തിക്കൂട്ടിയ നാശങ്ങളും, ശീശ്മയിൽ പെട്ടുപോയ ദേവാലയങ്ങളുടെ എണ്ണവും, അവയെ സമുദ്ധരിക്കുവാൻ ചെയ്ത യത്നങ്ങളും നാം അനുസ്മരിക്കണം. നോക്കണം, നമ്മുടെ കഥാപുരുഷൻ സഭയിൽ പ്രവേശിച്ചതും സഭയിൽ ജീവിച്ചതുമായ കാലഘട്ടം.

സുകൃതവഴികളെ അഭ്യസിപ്പിക്കുന്നതിനും ആത്മാക്കൾക്കുവേണ്ടിയുള്ള അജ്ഞാനങ്ങളെ യഥാവിധി നയിക്കുന്നതിനും പ്രാപ്തന്മാരായ ,യൂറോപ്യൻ മിഷനറിമാരുടെ തണലിൽ, മലങ്കരയിൽ നടപ്പെട്ടതും അന്നു് ശൈശവാവസ്ഥയിൽ ഇരുന്നതുമായ കമ്മെലീത്താതരു തഴച്ചു വളരുവാൻ തുടങ്ങി. ഇക്കാലത്താണു് നമ്മുടെ കഥാപുരുഷൻ ക്ലനന്മാവിൽ വന്ദ്യ മിഷനറി പെ. ബ. ലെയോപ്പോൾഡ് ഒ. സി. ഡി. യുടെ കീഴിൽ വൈദികപഠനത്തിനും സന്യസ്തജീവിത പരിശീലനത്തിനും അയക്കപ്പെട്ടതു്. മേല്പുരിച്ച സാഹചര്യങ്ങളും പ്രകൃത്യാ വൈരാഗ്യകുലേക്കും ഭക്തിജീവിതത്തിലേക്കും ചാഞ്ഞിരുന്ന ഗീവർഗ്ഗീസിൽ എത്ര ആശ്ചര്യകരമായ പുണ്യവളർച്ചക്കു് ഹേതുവായി എന്നുള്ളതിനു് ഒരു സൂചന നൽകുവാനാണു് ഇത്രയും പ്രസ്താവിച്ചതു്. 1868 ഡിസംബർ 19-ാം തിയതി വാര

ണ്ണി അച്ചൻ തിരുപ്പട്ടം സ്വീകരിച്ചുവെങ്കിലും, 1870 ജൂലൈ 16–ാം തിയതിയാണു് സന്യാസവ്രതങ്ങളും ദൈവത്തിനു് അപ്പിച്ചതു്.

ബ. വാവണ്ണി അച്ചന്റെ സംഗീതപാടവം വിശിഷ്യ സ്വരമാധുരി ഉഷ്ണാന്തീകരിക്കുന്നതിനു് ഒരു സംഭവം പറയാം. അന്നു് ക്ലനന്മാവിൽ സീനിയേർസു്, ജൂനിയേർസു് എന്നിങ്ങനെ ശന്മാശ്രന്മാരെ രണ്ടായി വിഭജിച്ചിരുന്നു. ജൂനിയേർസു് സാധാരണയായി കാനോനാനമസ്കാരത്തിനു് പോകാറില്ല. അവർ സഭയുടെ ചട്ടപ്രകാരമുള്ള നമസ്കാരങ്ങളും ചൊല്ലിക്കഴിയുമ്പോഴേക്കും ലെലിയനമസ്കാരം, പ്രത്യേകിച്ചു് പെരുന്നാൾ നമസ്കാരത്തിന്റെ ലെലിയാ, തീർന്നിരിക്കയില്ല. തദവസരത്തിൽ ലെയോപ്പോൾഡ്മൂപ്പച്ചൻ ജൂനിയേർസിൽ പെട്ടവരെ വിളിച്ചുകൊണ്ടുപോയി ആശ്വാസകരമായ നല്ല കാര്യങ്ങളും പറഞ്ഞുകൊണ്ടിരിക്കും. എന്നാൽ പെരുന്നാൾ നമസ്കാരത്തിലെ പ്രത്യേക ഗീതമായ മഗ്ദാശയ്ക്കുള്ള സമയമാകുമ്പോൾ ആ വന്ദ്യ ഗുരു ശിഷ്യരോടു പറയും: "മിണ്ടാതിരിക്കു, നമുക്കു് വാവണ്ണിയുടെ പാട്ടുകേൾക്കാം" എന്നു്. മരണംവരെ ആ സ്വരമാധുര്യം വാവണ്ണി അച്ചന്റെ പാട്ടിനു് ഒരു ഭൂഷണമായി നിലകൊണ്ടു എന്നു പറയാം.

ഈ വൈദീകോത്തമന്റെ ആദ്യസേവനരംഗങ്ങളും വാഴക്കുളം, പുളിങ്കുന്നു് എന്നീ സ്ഥലങ്ങളായിരുന്നു. "ഞാൻ വിനീതനും ശാന്തശീലനുമാകുന്നു, എന്നിൽനിന്നു പഠിക്കുവിൻ" എന്നു് ലോകഗുരു അരുളിച്ചെയ്തിട്ടുണ്ടല്ലൊ. നമുക്കറിയാം ജീവിതരംഗത്തു് ശാന്തശീലംകൊണ്ടുള്ള ആവശ്യം! അതിന്റെ അഭാവത്തിൽ സംഭവിക്കുന്ന വിപത്തുകളും!

ഏതൊരു സാഹചര്യത്തിലും പ്രശാന്തമായിരിക്കുക– ചുംബിച്ചു് ഒററിക്കൊടുത്ത യൂദാസ്കറിയാത്തായോടും, അകാരണം കന്നത്തു് അടിച്ച പടയാളിയോ

ട്ടം, നിഷ്ഠുരമായി ക്രൂശിച്ച ആരാച്ചാരന്മാരോടും ക്ഷമയോടെ വർത്തിച്ച ലോകഗുരുവിന്റെ ശിഷ്യനായിരിക്കുക, അതികാമ്യംതന്നെ. എന്നാൽ താഴ്മശക്ഷമാപ്രസാദം, വിനയം എന്ന ചെടിയിന്മേൽ മാത്രമേ മൊട്ടിടുകയുള്ളൂ. അപരാധബോധത്തിൽ അടിയുറച്ച ഒരാൾക്കേ അത്ര പ്രശാന്തനായി എപ്പോഴും വർത്തിക്കുവാൻ കഴിയൂ. വാവുണ്ണിഅച്ചനാകട്ടെ സൗമ്യത, ശാന്തശീലം എന്നീ ഗുണങ്ങളുടെ കണ്ണാടിയായിരുന്നു. ശാന്തസംവഹിച്ചുകൊണ്ട് ഇദ്ദേഹം എവിടേയും സഞ്ചരിച്ചു. വഴക്കുകൂടാം പറഞ്ഞുതീർക്കുവാൻ ഒരു പ്രത്യേക പാടവവും ഇദ്ദേഹത്തിനു് താഴ്മശഗുണവിശേഷങ്ങളും നിമിത്തം കൈവന്നു. ഒരിക്കൽ മുത്തോലി ആശ്രമത്തിൽ ആശ്രമകെട്ടിടപണിയെ സംബന്ധിച്ചു് അച്ചന്മാരുടെ ഇടയിൽ അഭിപ്രായഭിന്നതയുണ്ടായി. അതു് ക്ഷമയോടും വിവേകത്തോടും പറഞ്ഞുതീർക്കുവാൻ തക്ക ഒരാളെ അന്നു് സഭയെ ഭരിച്ചിരുന്ന പെ. ബ. ദേവഗാദ് അവർകൾ അന്വേഷിച്ചു. അവസാനമായി നമ്മുടെ പുണ്യപുരുഷനെയാണു് ആ ജോലിക്കു് തക്കവനായി കണ്ടെത്തിയതു്. ഏവരുടേയും പ്രതീക്ഷയെ കവിഞ്ഞു് ഇരുകൂട്ടർക്കും തൃപ്തിയാകത്തക്കവണ്ണം അവരെ രമ്യപ്പെടുത്തുവാൻ ഇദ്ദേഹത്തിനു് സാധിച്ചു "പാമ്പുകളെപ്പോലെ വിവേകികളായിരിപ്പിൻ"എന്നു് ലോകഗുരു ഉപദേശിക്കുന്നുണ്ടു്. എങ്കിലും പ്രാവുകളുടേതുപോലെയുള്ള പരമാർത്ഥതയാണു് ദിവ്യഗുരുവിനു് കൂടുതൽ പ്രിയംകരം. ഇതു് അവിടുത്തെ വാക്കുകളും പ്രവൃത്തികളും പ്രസ്പഷ്ടമാക്കുന്ന ഒരു സംഗതിയാണു്. ഇങ്ങനെയെങ്കിൽ ബ. വാവുണ്ണിഅച്ചൻ ശാന്തശീലനായ ഈശോയുടെ ഏറ്റവും വത്സല ശിഷ്യനായിരുന്നു– ഓസനായിരുന്നുവെന്നു് പറയാം. എന്തുകൊണ്ടെന്നാൽ കപടമെന്തെന്നറിയാത്ത പരമാർത്ഥത വാവുണ്ണി അച്ചന്റെ വിനയത്തിനും, സൗമ്യതക്കും ഭൂഷണമായി ആ ജീവനാന്തം പരിലസിക്കയുണ്ടായി.

വൈദികപദത്തിലേക്ക് ഉയർത്തപ്പെട്ടിട്ട് പതി
നാറു വർഷകാലത്തോളം സമതലത്തിൽക്കൂടി ഒഴുകുന്ന
അരുവിപ്രവാഹംപോലെ ആർഭാടരഹിതവും സേവന
സമൃദ്ധവുമായി ആ ജീവിതം അങ്ങിനെ കടന്നുപോ
യി. 1884-ൽ ഈ വന്ദ്യപുരോഹിൻ ഏൽത്തുരുത്ത്
ആശ്രമത്തിന്റെ വികാരിയായി നിയമിക്കപ്പെട്ടു. എ
ന്നാൽ അടുത്ത ആണ്ട് ക്നനായിൽ കൂടിയ സഭയുടെ
പൊതുസംഘം വാഴ്ണ്ണിഅച്ചനെ ഏൽത്തുരുത്ത് ആ
ശ്രമത്തിന്റെ പ്രിയോരായി ഉയർത്തി.

പാവർട്ടി ആശ്രമസ്ഥാപനത്തിനും അതിന്റെ
വളർച്ചക്കും വാഴ്ണ്ണിഅച്ചന്റെ സേവനം എത്രകണ്ട്
ഉപകരിച്ചിട്ടുണ്ടെന്നു് അല്പം പ്രസ്താവിക്കാതെ ചരി
ത്രം മുന്നോട്ടു കൊണ്ടുപോകുക സാദ്ധ്യമല്ല. റോക്കോ
സ്, മേല്പുസ് ശീശ്മകാർ നാട്ടിനും നാട്ടാർക്കും വിശി
ഷ്ടു, കത്തോലിക്കർക്കും വരുത്തിവച്ച വിപത്തുകൾ എ
ത്ര ഘോരമായിരുന്നുവെന്നു് ഇതിനകം സൂചിപ്പിച്ചിട്ടുള്ള
താണല്ലൊ. ശീശ്മക്കാരുടെ പിടിയിൽനിന്നു് കേരള
ത്തെ സമുദ്ധരിക്കുന്നതിനായി അപ്പസ്തോലിക്കു് വിസി
റർ ഡോ: മൊറീൻ മെത്രാപ്പോലീത്താ നടത്തിയ യ
ത്നത്തിൽ ചിറ്റാട്ടുകര പള്ളിക്കേസ്സാണു് ആദ്യം ഫയ
ലായതു്. ശീശ്മയിൽ നിന്നിരുന്ന നല്ല ഒരു പങ്കു് ആള
കളും അവിടെ ഉണ്ടായിരുന്നു. പാലയൂർ രണ്ടു പ്രാവ
ശ്യം ശീശ്മയിൽ ഉൾപ്പെട്ടുകയുണ്ടായി. ഇങ്ങനെ ശീ
ശ്മാജ്വരബാധയാൽ കത്തോലിക്കാ വിശ്വാസവും ക
ത്തോലിക്കാ ക്ഷേത്രാചാരങ്ങളും ആ പ്രദേശങ്ങളിൽ ക്ഷ
യോന്മുഖമായിത്തീർന്നുവെന്നു് പറയാതെ തരമില്ല.

ഈ പരിതാപകര അവസ്ഥ യഥാവിധി ഗ്രഹി
ച്ചിരുന്ന വികാരിമാരും, സജീവവിശ്വാസത്തോടുകൂടി
യ പൌരപ്രമുഖരും ഈ സുഖക്കേടിൽനിന്നു് കത്തോ
ലിക്കാ ജനപദത്തെ സമുദ്ധരിക്കുവാനുള്ള മാർഗ്ഗങ്ങൾ
സോത്സാഹം ആരായുവാൻ തുടങ്ങി. ശീശ്മക്കെതിരാ

യി കമ്മെലീത്താ വൈദികർ മലങ്കരയിൽ അങ്ങോളമി ങ്ങോളം മുഴക്കിയിരുന്ന കാഹളസ്വരം അവരും കേട്ടി രുന്നു. തൃശ്ശൂരിലും അതിന്റെ പരിസരങ്ങളിലും വ ലിയച്ചാണ്ടിഅച്ചനും, പാലാക്കുന്നേൽ ചാക്കോച്ച നും മറ്റും ചെയ്തിരുന്ന സേവനങ്ങളും വടക്കൻ ദിക്കു കളിൽ വിശ്വാസചൈതന്യകേന്ദ്രമായി ഏൽത്തുരുത്തു് പ്രശോഭിച്ചുകൊണ്ടിരുന്ന വിവരവും അവർക്കു് അജ്ഞാ തമായിരുന്നില്ല. ഈദൃശ സാഹചര്യങ്ങളാണു് അന്നു പാവർട്ടി പള്ളി വികാരിയായിരുന്ന ഒല്ലൂർ ഇടവക ക്കാരൻ എരിഞ്ഞേരി ഈനാശു അച്ചനേയും തദ്ദേശി കരായ അൽമേയപ്രമുഖരേയും അവിടെ ഒരു ആശ്രമം ഉണ്ടായിക്കാണുവാനുള്ള ആഗ്രഹത്തിൽ പ്രബുദ്ധരാ ക്കിയതു്.

1890-ൽ അന്നു് ഏൽത്തുരുത്തു് ആശ്രമത്തിൽ വസിച്ചിരുന്ന ബ. വാറുണ്ണിഅച്ചനെ വടക്കൻ പ്രദേ ശങ്ങളിൽ ഒരു ആശ്രമം സ്ഥാപിക്കുന്നതിനുള്ള സാ ദ്ധ്യതയെപ്പറ്റി വേണ്ട അന്വേഷണങ്ങളും നടത്തിവരു വാൻ ഏൽത്തുരുത്തു് ആശ്രമത്തിൽനിന്നു് നിയോഗി ച്ചു. പെ. ബ. ജരാർദ്ദച്ചനായിരുന്നു അന്നു് ഏൽത്തു രുത്തു് ആശ്രമത്തിലെ പ്രിയോർ. അന്നു് കമ്മെലീ ത്താ സഭയുടെ ജനറാളായി ഭരണം നടത്തിയിരുന്ന അ ത്യന്നത അന്ത്രയോസു് അയൂത്തിയുടെ അനുമതിയോ ടും ആശിസ്സോടുംകൂടിയാണു് ഏൽത്തുരുത്തു് ആശ്രമ വാസികളും ഇതിലേക്കു് ഇറങ്ങി പുറപ്പെട്ടതു്. വാറു ണ്ണിഅച്ചൻ ആദ്യം തനിച്ചും, പിന്നീട് പെ. ബ. ജരാർ ദ്ദച്ചൻ, ബ. സെലസ്തീനോസച്ചൻ, രണ്ടു് ഉണസ ഹോദരന്മാർ എന്നിവരോടുകൂടേയും സ്ഥലം അന്വേ ഷിച്ചു് നടന്നു. അന്നു പാവർട്ടി പള്ളിവികാരി ബ. ഈനാശു അച്ചനും എരനെല്ലൂർ പള്ളി വികാരി അടി യാത്തു പറഞ്ഞു അച്ചനും ഈ സംരംഭത്തിൽ ഉള്ളഴി ഞ്ഞു് സഹായം ചെയ്തിട്ടുള്ളവരാണു്. പാവർട്ടിയി

ൽ ആശ്രമം സ്ഥാപിക്കുന്ന കാര്യത്തിൽ ഒലക്കേങ്കൽ മാണി ചുമ്മാരു്, എടക്കളത്തൂർ ചാക്കപ്പൻ, ആനട്ടി ചാക്കു, കോഴിപറമ്പിൽ മത്തായി, വടക്കുട്ട (കൊട്ട) പൌലോസ് മുതലായവർ വിലയേറിയ സഹായസഹകരണങ്ങളും വാഗ്ദാനിച്ചു് ചെയ്തുകൊടുത്തിട്ടുള്ള വരാണു്.

പാവർട്ടി വികാരിയെ സ്ഥലം അന്വേഷിച്ചു് കണ്ടുപിടിക്കുവാൻ ഏല്പിച്ചുകൊണ്ടു് ബ. അച്ചന്മാരും സഹോദരന്മാരും തിരിച്ചുപോന്നു. ഇപ്പോൾ ആശ്രമം സ്ഥിതി ചെയ്യുന്നതും അന്നു കാളത്തു് കൃഷ്ണൻ നമ്പൂതിരിയുടേതുമായ കൈനിമംഗലം പുരയിടമാണു് കണ്ടെത്തിയതു്. അതിനു് 4000 ക. ആവശ്യപ്പെട്ടുവെങ്കിലും കരപ്രമാണികളുടെ പരിശ്രമത്താൽ അതു് 3500ക. ആക്കിക്കുറച്ചു. അതു വാങ്ങിക്കുവാൻ വാഗ്ദാനി അച്ചനെ നിയോഗിച്ചു. വേണ്ടപണം ചാക്കോള കൊട്ടക്കാമെന്നു് ഏറ്റിരുന്നുവെങ്കിലും സമയമായപ്പോൾ നിവർത്തിയില്ലെന്നു പറഞ്ഞു് കൈമലർത്തി. വാഗ്ദാനി അച്ചൻ സ്വന്തനാട്ടിലും സ്വന്തപ്പെട്ടവരുടെ പക്കലും പോയി രൂപ ശേഖരിച്ചു് വസ്തുവാങ്ങി.

എന്നാൽ തല്ക്കാലമുണ്ടായ അസ്വാസ്ഥ്യം നിമിത്തം 1890 ഏപ്രിൽ 6-ാംനു- അതിന്റെ ശിലാകർമ്മാവസരത്തിൽ വാഗ്ദാനി അച്ചൻ അവിടെ ഉണ്ടായിരുന്നില്ല. ശിലാകർമ്മം നിർവ്വഹിച്ചതു് അന്നത്തെ വികാരിജനറാളായ മാമ്പിള്ളി പെ. ബ. ഗീവർഗ്ഗീസച്ചനാണു്. വാഗ്ദാനിഅച്ചന്റെ അശ്രാന്ത പരിശ്രമഫലമായി അടുത്ത ജൂലൈ 2-ാംനു- മുതൽ കപ്പേളയിൽ പ്രതിദിനം ദിവ്യപൂജ അർപ്പിച്ചുതുടങ്ങി. കെട്ടിടപ്പണി പൂർത്തിയാക്കി അവിടെ താമസമാക്കുകയും ചെയ്തു. 1895-ലെ ദഫിനിത്തോരിസംഘം പാവർട്ടി മാർ ത്തോമ്മാ സ്ഥാപനം സഭയുടെ ഒരു ആശ്രമമായി സ്വീകരിച്ചു. പാവർട്ടി കൊവേന്തക്കെട്ടിടത്തിന്റെ

കിഴക്കെ അറ്റത്തെ നീട്ട് ഒഴിച്ച് ബാക്കിയെല്ലാം വാഴണ്ണിഅച്ചന്റെ അക്ഷീണപരിശ്രമഫലമാണ്. അദ്ദേഹം പാവർട്ടി ആശ്രമത്തെ കണ്ണിലുണ്ണിയേപ്പോലെ സ്നേഹിച്ചു. കായക്ലേശത്തെ വകവക്കാതേയും വ്യക്തിപരമായി നോക്കിയാൽ വളരെ അധികം സ്വയം താഴ്ത്തിയും അതിന്റെ പണിക്കള്ള പണം ശേഖരിച്ച് അതിനെ നല്ല നിലയിൽ ഉയർത്തുവാൻ ഇരവു പകൽ യത്നിച്ചിട്ടുള്ള ആളാണ് വാഴണ്ണിഅച്ചൻ.

1891-ൽ യൂറോപ്യൻ മിഷ്യനറി റവ. ബർണ്ണാദ്, ഒ. സി. ഡി. യെ സഭയുടെ ജനറാളായി തിരുസിംഹാസനം കല്പിച്ചു നിയമിച്ചു. ഇദ്ദേഹം 1894 ൽ വിസീത്തക്കായി ഇറങ്ങിപുറപ്പെട്ടു. ഇങ്ങനെ അമ്പഴക്കാട്ടു വന്നപ്പോഴാണ് സഭയുടെ ഒരു പൊതുയോഗം വിളിച്ചുകൂട്ടിയതും വാഴണ്ണിഅച്ചനെ നാലാം ഒപ്പിനിത്തോരായി ഉയർത്തിയതും. 1897 ഫെബ്രുവരി 24-ൽ മാന്നാനം ആശ്രമത്തിൽവച്ച് നടന്ന പൊതുയോഗത്തിൽ വാഴണ്ണിഅച്ചൻ അമ്പഴക്കാട്ട് ആശ്രമശ്രേഷ്ഠനായി. പള്ളിപണിയോടുകൂടി തുടങ്ങിയ മണിമാളിക ഒരു നിലയാക്കി നിറുത്തിവച്ചിരുന്നു. ഇദ്ദേഹത്തിന്റെ കാലത്തു സ. പൌലോസിന്റെ പരിശുദ്ധാത്മാവിന്റെ നാമത്തിൽ പള്ളി പണിതു തുടങ്ങുകയും ചെയ്തു. 1899 ഡിസംബർ 14-നു മാന്നാനം ആശ്രമത്തിൽ പെ. ബ. ബർണ്ണാദ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ സംഘം കൂടുന്നു. അതിൽവച്ചാണ് വാഴണ്ണിഅച്ചൻ ഒന്നാം ഡിഫിനിത്തോരായതു്. പ്രിയോർ ജനറാളായ അഭിവന്ദ്യ ബർണ്ണാദ് മെത്രാപ്പോലീത്തായുടെ ലെഗാദ് എന്ന നിലയിൽ

1899–അവസാനംമുതൽ സഭയെ ഭരിച്ചുപോന്ന പുളിക്കുന്നു ഇടവക തയ്യിൽ പെ. ബ. ഔസേഫ് അച്ചൻ 1902–ൽ നിയ്യാതനായി. അന്നു് പാവർട്ടി ആശ്രമത്തിൽ താമസിച്ചിരുന്ന വാവണ്ണി അച്ചൻ ലേഗാടു് സ്ഥാനത്തേക്കു് ഔദ്യോഗികമായി നിയമിതനാകുകയും ചെയ്തു. എങ്കിലും ആ സ്ഥാനം ഏറ്റെടുത്തു് ജോലി ആരംഭിക്കുന്നതിനുമുമ്പു് കുറെ കാലമായി സുഖക്കേടിൽ ഇരുന്ന അദ്ദേഹം അവശനായി തീർന്നു. ഏറെ താമസിയാതെ പാവർട്ടിയിൽവച്ചുതന്നെ നിത്യസമ്മാനത്തിനു് വിളിക്കപ്പെടുകയുമാണുണ്ടായതു്.

പെ. ബ. വാവണ്ണിഅച്ചൻ

ജനനം	1845 നവംബർ 13
സഭാപ്രവേശനം	1859
ഉരുപ്പട്ടം	1868 ഡിസംബർ 19
നിത്യവ്രതാനുഷ്ഠാനം	1870 ജൂലൈ 16
എൽത്തുരുത്തു് വികാരി	1884 ജനുവരി
,, പ്രിയോർ	1885 ഒക്ടോബർ 31
പാവർട്ടി കൊവേന്തയുടെ സ്ഥാപനയത്നം	1890.
നാലാം ദഹനിത്തോർ	1894 ജനുവരി 25
അമ്പഴക്കാട്ടു പ്രിയോർ	1897 ഫെബ്രുവരി 24
ഒന്നാം ദഹ്നിത്തോർ	1899 ഡിസംബർ 14
മരണം	1902 മാച്ചു് 12

പ്രിയോർ, ദഹ്നിത്തോർ എന്നീ സ്ഥാനങ്ങളിൽ ഇദ്ദേഹം ഒന്നിലധികം പ്രാവശ്യം അവരോഹിതനായി എന്നു നാം കണ്ടു. ഉദ്യോഗത്തിന്റെ കടമകളെല്ലാം എല്ലാവരുടേയും പ്രശംസക്കു് പാത്രമാകത്തക്കവിധം നിർവ്വഹിച്ചിട്ടുണ്ടെന്നു് അടുത്തറിഞ്ഞവരെല്ലാം സാക്ഷിക്കുകയും ചെയ്യുന്നു. ആ വിനീതാത്മാവിൽ സ്ഥാനമാനങ്ങളെക്കുറിച്ചുള്ള ആഗ്രഹം ഒരിക്കലും

നഴഞ്ഞു കയറിയിട്ടുള്ളതായി തോന്നുന്നില്ല. മാത്രമല്ല ഏല്പിക്കപ്പെട്ട ജോലി കീഴ്പ്പഴക്കത്തെക്കുറിച്ചു് ഏറെ നടത്തിയതല്ലാതെ അവിടന്നു് അതിൽ യാതൊരിക്കലും ഗവ്വിക്കയുണ്ടായിട്ടില്ല. നേരെമറിച്ചു് ദൈവം അവിടത്തെ ഒന്നിനൊന്നു് ഉയർത്തുകയിൽ ഈ വിനീത ദാസൻ കൂടുതൽകൂടുതലായി സ്വയം താഴ്ത്തുവാനാണു് യത്നിച്ചിരുന്നതു്. സേവനം! അതായിരുന്നു ഇദ്ദേഹം അതികാമ്യമായി, അതിമാത്രം പരിപാവനമായി, സ്വീകരിച്ച മുദ്രാവാക്യം. പാവർട്ടി കൊവേന്തപ്പണിക്കു് പണംശേഖരിക്കുന്ന കാര്യത്തിൽ പ്രകൃത്യാ ബലഹീനനായ ഇദ്ദേഹം സഹിച്ച ബുദ്ധിമുട്ടുകളും ഒരു ഭിക്ഷുവിനെപ്പോലെ നടത്തിയ പര്യടനങ്ങളും ശരിയായി വിവരിക്കുക സാദ്ധ്യമല്ല. ബുദ്ധിമുട്ടുകൾ പരിഗണിക്കാതെ, ത്യാഗത്തിനു് കൊടുക്കേണ്ട വിലയെക്കുറിച്ചു് വിചിന്തനം ചെയ്യാതെ, ഏല്പിക്കപ്പെട്ട ജോലി ശരിവരെ നിർവ്വഹിക്കുവാൻ ശ്രമിക്കുക. ഇതിനു മാത്രമാണു് പെ. ബ. വാരുണ്ണിഅച്ചൻ യത്നിച്ചതു്.

മരണത്തിനായി ചെയ്ത സജ്ജീകരണം — ജനനം മാറിമാറിക്കൊണ്ടിരിക്കുന്നതും അനിശ്ചിതവുമായ ജീവിതത്തിന്റെ പ്രാരംഭമാണെങ്കിൽ, മരണം നിത്യവും മാറ്റമില്ലാത്തതുമായ ഒരു ജീവിതത്തിന്റെ തുടക്കമാണു്. ഇതിൽനിന്നു് മരണത്തിന്റെ പ്രാധാന്യം വ്യക്തമാണല്ലൊ "മരം വീണ സ്ഥലത്തു് കിടക്കും" എന്ന പഴഞ്ചൊല്ല ഇവിടെ സ്മർത്തവ്യമാണു്. താദൃശചിന്തകളാൽ വാരുണ്ണി അച്ചന്റെ കൺമുമ്പിൽ ഉദിച്ചു് നിന്നിരുന്നതുപോലെ തോന്നുന്നു. പ്രായാധിക്യത്തെക്കാൾ അധ്വാനാധിക്യത്താൽ ശരീരശക്തി ഒന്നിനൊന്നു് ക്ഷയിച്ചു് ക്ഷയിച്ചു് വരുന്നുവെന്നും ആത്മാവു് അതിന്റെ അസ്ഥിപഞ്ജരംവിട്ടു് സ്രഷ്ടാവിന്റെ പക്കലേക്കു് പറന്നുപോകുവാനുള്ള സമയം വിദൂരമല്ലെന്നും ഈ വൈദീകവരെണ്യൻ മനസ്സിലാക്കി. സഭാ

പിതാക്കന്മാർ, അദ്ദേഹത്തോടുണ്ടായിരുന്ന ആദരവും അദ്ദേഹത്തിന്റെ കായ്ശേഷിയും നിമിത്തം കൂട്ടത്തിൽ ഉയർന്നതും, കൂട്ടത്തിൽ ഉത്തരവാദിത്വമുള്ളതുമായ ചുമതലകളും തന്റെമേൽ ചുമത്തി തന്നെ ബഹുമാനിക്കുന്നുവെന്നും അദ്ദേഹം മനസ്സിലാക്കി. എന്നാൽ അതൊന്നും അദ്ദേഹത്തെ അഹങ്കാരിയാക്കിയില്ല. അപരാധബോധത്തിൽ അടിയുറച്ച ഈ പുണ്യശ്ലോകൻ ജീവിതക്കണക്കു ബോധിപ്പിക്കേണ്ട കാര്യം ഓർത്തു ഭയവിഹ്വലനായി. ആകയാൽ പാവർട്ടിയിൽ പോയി എല്ലാ ജോലികളിൽനിന്നും പ്രതിനിവൃത്തിച്ചു നിത്യവിധിയാളന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നതിനു തന്നാലാവുംവിധം തയ്യാറാകുവാൻ തീരുമാനിച്ചു. ജപരപ്പു നിപിടിച്ചു കിടക്കുകയിൽ ഒരു സഹോദരൻ കടിക്കുന്നതിനു കുറെ പാലുകൊണ്ടുവന്നു. പാലു കുറെ പിരിഞ്ഞുപോയിരിക്കുന്ന സംഗതി സഹോദരനെ അറിയിച്ചു. രോഗിയുടെ ക്ഷീണസ്ഥിതി ശരിക്കു മനസ്സിലാക്കാതെ അല്പം പിരിഞ്ഞുപോയതുകൊണ്ടു വലിയ വിഷമം ഒന്നും വരികയില്ല എന്ന വിശ്വാസത്തിൽ "സാരമില്ല" എന്നു അഭിപ്രായപ്പെടുകയും രോഗി അതു കുടിക്കയും ചെയ്തു. അതോടെ ദീനസ്ഥിതി കൂട്ടത്തിൽ വഷളായി. ഇങ്ങനെയാണു കാലവിളംബം കൂടാതെ നമ്മുടെ കഥാനായകൻ ദേഹവിയോഗം ചെയ്വാൻ ഇടയായതു.

മൃതദേഹം അന്നത്തെ ആശ്രമകപ്പേളയിൽ ഭൂമിദാനംചെയ്യപ്പെട്ട. ആ കപ്പേള ആശ്രമകെട്ടിടത്തിന്റെ പടിഞ്ഞാറു വശത്തുണ്ടായിരുന്ന തോട്ടത്തിന്റെ പടിഞ്ഞാറെ വശത്തായിരുന്നു. ആകയാൽ അദ്ദേഹത്തിന്റെ ശവകുടീരസ്ഥാനം ഇപ്പഴത്തെ പള്ളിയുടെ തൈക്കാലായിൽ മുഖവാരത്തു നിന്നും അല്പം കിഴക്കോട്ടു മാറിയും നടുവിൽനിന്നു അല്പം വടക്കോട്ടു മാറിയുമാണു.

80827

വാവണ്ണി അച്ചനെപ്പോലെ ആശ്രമഭിത്തികൾക്കകത്തും പുറത്തും ഒരുപോലെ എല്ലാവരുടേയും സ്നേഹബഹുമാനങ്ങൾക്ക് പാത്രീഭവിച്ചിട്ടുള്ളവർ വളരെ വിരളമായിരിക്കും. എല്ലാവരേയും സന്തോഷിപ്പിക്കുവാൻ യത്നിക്കുന്നതു് ഭോഷത്വമാണെന്നു് നമുക്കു് അറിയാം. അഭിപ്രായവ്യത്യാസങ്ങൾ, ഭിന്നരുചിയോടുകൂടിയ ലോകത്തിൽ, സാധാരണയാണു്. ഇങ്ങനെ തെറ്റിദ്ധാരണകളും അസുഖങ്ങളും വയലിൽ പുല്ലെന്നപോലെ സുലഭമായി മനുഷ്യരുടെ ഇടയിൽ മുളച്ചുയരുന്നു എന്നാൽ പ്രകൃത്യാ, ശാന്തത, സൌമ്യത, വിനയം എന്നിവക്കു് വിളനിലങ്ങളായി സ്ഥിതി ചെയ്യുന്ന ചിലരെ കാണാം. അവരുടെ നിഷേധം നിഷേധരീതികൊണ്ടു് സംതൃപ്തിക്കു് നിദാനമാകാറുണ്ടു്. അങ്ങിനെയാണു് വാവണ്ണി അച്ചൻ എല്ലാവരുടേയും കണ്ണിലുണ്ണിയായി തീർന്നതു്.

വേദപുസ്തകപാരായണത്തിൽ അതിമാത്രം ഔത്സുക്യം പ്രകടിപ്പിച്ചിരുന്ന ഒരാളായിരുന്നു അദ്ദേഹം. ദൈവവാക്യത്തിൽ ഈ പുണ്യശ്ലോകൻ തന്റെ ആത്മാവിന്നാവശ്യമായ മന്നാ കണ്ടെത്തി. സച്ഛസ്ഥനായ പിതാവു് പരദേശത്തിൽ വസിക്കുന്ന തന്റെ മക്കൾക്കു് അയച്ചുകൊടുത്തിട്ടുള്ള ലിഖിതങ്ങളാണല്ലൊ വി: ഗ്രന്ഥങ്ങൾ. അവയിൽ ഒരാൾ ബോധത്തിനും പ്രകാശവും മനസ്സിനും ശക്തിയും കണ്ടെത്താതിരിക്കുമൊ? അതെങ്ങിനെയുമിരിക്കട്ടെ. വാവണ്ണിഅച്ചൻ വി: ഗ്രന്ഥങ്ങൾ വളരെ സാവധാനത്തിലും ധ്യാനചിന്തയോടും വായിച്ചുവന്നു. വി: ഗ്രന്ഥപാരായണത്തിൽ അദ്ദേഹം വളരെ ആശ്വാസം കണ്ടെത്തുകയും ചെയ്തു.

പ്രാർത്ഥനാരൂപി വാവണ്ണിഅച്ചന്റെ ഉടപ്പിറപ്പായിരുന്നു. ഒരു ചെറുബാലനായിരിക്കയിൽത്തന്നെ ദൈവത്തോടു് ഏകാന്തത്തിൽ സംസാരിക്കുന്നതും, പ്രാ

DHARMARAM COLLEGE LIBRARY
BANGALORE - 29

ത്ഥിക്കുന്നതും ഇദ്ദേഹത്തിനു് വളരെ ഇഷ്ടമായിരുന്നുവെന്നു് നാം കണ്ടു. ദീഘ്കാലത്തെ സന്യസ്ഥജീവിതം പ്രാത്ഥനാരൂപി തഴച്ചു് വളരുന്നതിനു് വളരെ സഹായിച്ചുവെന്നതിനു് സംശയമില്ല. "ഏകാന്തത്തിലേക്കു് അവളെ കൂട്ടിക്കൊണ്ടുപോയി അവളോടു സംസാരിക്കും." ധ്യാനത്തിലും നമസ്കാരത്തിലും സ്വയം പരിശോധിക്കുന്ന ആത്മശോധനയിലും എന്നുവേണ്ട കൂട്ടുകുടുങ്ങാം ഓരോന്നിലും പങ്കുകൊള്ളുവാൻ വാവണ്ണിഅച്ചൻ വളരെ ഉത്സാഹം പ്രകടിപ്പിച്ചു. ഇങ്ങനെ വിനയത്തിന്റെയും സൗമ്യത, ശാന്തശീലം മുതലായവയുടേയും വിളനിലമായി, നിഷ്കളങ്കഹൃദയത്തോടെ അദ്ദേഹം ജീവിച്ചു. ധ്യാനം, ആത്മശോധന, കാനോനികനമസ്കാരം എന്നിവ വഴിയായി ആത്മപ്രകാശവും മനോധൈര്യവും പ്രാപിച്ചു. അദ്ധ്യാനത്തിന്റെ വഴിയിൽക്കൂടെ ക്രൂശിതനെ അനുധാവനം ചെയ്തു. "ഞാൻ നല്ലയുദ്ധംചെയ്തു; ഓട്ടം അവസാനിപ്പിച്ചു; വിശ്വാസം കാത്തു," എന്നു് പ്രേഷിതനോടുകൂടെ വാവണ്ണിഅച്ചനും പ്രകീർത്തിക്കുവാൻ കഴിയും. ഈ വിനീത ദൈവദാസന്റെ ആത്മാനുകൂലാത്ഥം നമുക്കു് പ്രാത്ഥിക്കാം.

Permissu Superiorum

St. Joseph's I. S. Press, Elthuruth.
1955.

CT Library
00080827
K100 C629

